# 144-ാമത് മന്നംജയന്തി സംസ്ഥാനതലത്തിൽ മാത്രമല്ല, ദേശീയ-അന്തർദേശീയതലങ്ങളിലും ശ്രദ്ധിക്കപ്പെട്ടു

ഈ വർഷത്തെ മന്നംജയന്തിയാഘോഷം ജനുവരി 1, 2 തീയതികളിൽ, മുൻകാലങ്ങളിലേതുപോലെ പെരുന്നയിൽ എൻ.എസ്.എസ്. ആസ്ഥാനത്ത് പതിവുപോലെയുള്ള അഖിലകേരളനായർപ്രതിനിധിസമ്മേളനത്തോടും കലാപരിപാടികളോടും മന്നംജയന്തിസമ്മേളനത്തോടും പ്രൗഢഗംഭീരമായി നടക്കേണ്ടതായിരുന്നു. എന്നാൽ കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ സമ്മേളനങ്ങളും ആഘോഷങ്ങളും വേണ്ടെന്നുവെച്ചുകൊണ്ട് ആർഭാടരഹിതമായി ജനുവരി 2-ാം തീയതി, മന്നംജന്മദിനാചരണം ആയി നടത്തുകയാണ് ചെയ്തത്.

അതനുസരിച്ച് മന്നംസമാധിമണ്ഡപത്തിൽ അന്നേദിവസം രാവിലെ 7.30-ന് ആരംഭിച്ച പുഷ്പാർച്ചന വൈകിട്ട് 5 മണി വരെ തുടർന്നു. ഇതേസമയംതന്നെ സംസ്ഥാനവ്യാപകമായി എൻ.എസ്.എസ്സിന്റെ താലൂക്ക് ആസ്ഥാനങ്ങളിലും കരയോഗങ്ങളിലും എൻ.എസ്.എസ്. സ്ഥാപനങ്ങളിലും സമുദായാചാര്യന്റെ ചിത്രത്തിനു മുമ്പിൽ നിലവിളക്കു കൊളുത്തി, പുഷ്പാർച്ചന നടത്തി അദ്ദേഹത്തെ ആദരിക്കുകയുണ്ടായി.

ജന്മദിനാചരണമാക്കി മാറ്റിയെങ്കിലും, കഴിഞ്ഞ കാലങ്ങളിൽ കേരളമെമ്പാടുമുള്ള സമുദായാംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ എൻ.എസ്.എസ്. ആസ്ഥാനമായ ചങ്ങനാശ്ശേരി കേന്ദ്രീകരിച്ച് നടന്നുവന്നിരുന്ന ഈ ജന്മദിനാഘോഷപരിപാടി, സംസ്ഥാനതലത്തിൽ വ്യാപിപ്പിക്കുന്നതിന് സാധിച്ചു എന്ന കാര്യം എടുത്തുപറയേണ്ടിയിരിക്കുന്നു. അടുത്തവർഷത്തെ മന്നംജയന്തി ആഘോഷപരിപാടികൾ പതിവുപോലെ ചങ്ങനാശ്ശേരി കേന്ദ്രീകരിച്ചു നടക്കുമ്പോൾത്തന്നെ ഈ ആഘോഷം താലൂക്കുതലത്തിലും കരയോഗതലത്തിലും സ്ഥാപനങ്ങളിലും നടക്കാനുള്ള സാധ്യതയാണ് കാണുന്നത്.

കരയോഗപ്രതിനിധികൾ ചങ്ങനാശ്ശേരിയിലെ സമ്മേളനങ്ങളിലും ആഘോഷങ്ങളിലും പങ്കെടുക്കുമ്പോൾ കരയോഗത്തിലെ മറ്റംഗങ്ങൾക്ക് അതാതു കരയോഗങ്ങളിൽ നടക്കുന്ന പരിപാടികളിൽ ഭാഗഭാക്കാകാൻ ഇതുമൂലം സാധിക്കുന്നു. സമുദായാംഗങ്ങൾക്കിടയിൽ ശ്രീ മന്നത്തുപത്മനാഭനെക്കുറിച്ചുള്ള ആദരവ് വർദ്ധിക്കുവാൻ ഇത് കൂടുതൽ സാഹചര്യം ഒരുക്കും.

ഇത്തവണത്തെ മന്നംജയന്തിദിനാചരണത്തോടനുബന്ധിച്ച്, ആദരണീയരായ ഇന്ത്യൻപ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദിജിയും കേന്ദ്രആഭ്യന്തരമന്ത്രി ശ്രീ അമിത്ഷാജിയും ട്വിറ്ററിലൂടെ അറിയിച്ച ആശംസകൾ സമുദായാചാര്യന്റെ മഹത്ത്വം ദേശീയതലത്തിലും അന്തർദേശീയതലത്തിലും എത്തിക്കുവാൻ സഹായിച്ചു. പ്രസ്തുത ട്വീറ്റുകൾ ചുവടെ ചേർക്കുന്നു -


Narendra Modi
@narendramodi

Generations to come will be grateful to Sri Mannathu Padmanabhan Ji for his pioneering contribution towards community service, social justice and cultural regeneration. His was a life fully devoted to the betterment of others. I pay my humblest tributes to him on his Jayanti.

5:12 PM · 02/01/21 · Twitter for iPhone

36 434 2,230


Amit Shah @AmitShah · 4h

Remembering an iconic social reformer Bharatha Kesari Mannathu Padmanabhan on his Jayanti. He fought for social equality and revived the old concept of village societies. His pioneering role in India's freedom struggle and welfare of the downtrodden will continue to guide us.

ബഹുമാന്യരായ പ്രധാനമന്ത്രിയുടെയും കേന്ദ്ര ആഭ്യന്തരമന്ത്രിയുടെയും വിലപ്പെട്ട ആശംസകൾക്ക് നായർ സർവീസ് സൊസൈറ്റിക്കു വേണ്ടി നന്ദി അറിയിക്കുകയും ചെയ്തിട്ടുണ്ട്.